(എഫ്)നിലവിലുള്ള റിസർവേഷൻ വാർഡുകളിൽ മാറ്റംവരുത്തുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ;

(ജി) തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഭരണ നേതൃത്വത്തിലും ഇപ്പോഴത്തെ റിസർവേഷനിലും മാറ്റം വരുത്തുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) :

(എ) 1.1.2000 യോഗ്യത തീയതിയായി കണക്കാക്കിയാണ് പൊതു തെരഞ്ഞെടുപ്പിന് മുൻപായി വോട്ടർപട്ടിക പുതുക്കേണ്ടത്. അതിൽ ഇപ്പോൾത്തന്നെ നടപടി സ്വീകരിക്കേണ്ടതില്ല എന്നാണ് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷൻ അറിയിച്ചിരിക്കുന്നത്.

(ബി) നടപടി ആരംഭിച്ചിട്ടില്ല.

(സി) 1995 സെപ്റ്റംബറിൽ ആണ് കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പ് നടന്നത്. വാർഡുകൾ വിഭജനം സംബന്ധിച്ചും റിസർവേഷൻ വാർഡുകൾ നിശ്ചയിച്ചതു സംബന്ധിച്ചും ക്രമക്കേടുകൾ ഉള്ളതായി അദാലത്ത് പരാതികൾ ഉണ്ടാക്കിയിട്ടുണ്ട്.

(ഡി) 1999-ലെ കേരള പഞ്ചായത്ത് രാജ് ഭേദഗതി നിയമപ്രകാരം വാർഡുവിഭജനവും റിസർവേഷൻ വാർഡ് നിശ്ചയിക്കലും സംബന്ധിച്ചുള്ള ചുമതല സംസ്ഥാന തെരഞ്ഞെടുപ്പു കമ്മിഷനിൽ നിക്ഷിപ്തമാണ്.

(ഇ) 1999-ലെ പഞ്ചായത്ത്രാജ് ഭേദഗതി നിയമപ്രകാരം ഒരു ഗ്രാമ പഞ്ചായത്തിൽ പരമാവധി 20 വാർഡുകൾവരെയാകാം. പരമാവധി ഒരു വാർഡിൽ എത്ര വോട്ടർമാർ ആകണമെന്ന് നിഷ്കർഷിക്കപ്പെട്ടിട്ടില്ല.

(എഫ്)&(ജി) സംവരണ വാർഡുകളും സംവരണം ചെയ്യപ്പെട്ട അദ്ധ്യക്ഷ സ്ഥാനങ്ങളും ഓരോ പൊതു തെരഞ്ഞെടുപ്പിലും റൊട്ടേഷൻ അടിസ്ഥാനത്തിൽ മാറ്റി നിശ്ചയിക്കേണ്ടതാണ്. അതുകൊണ്ട് അടുത്ത പൊതു തെരഞ്ഞെടുപ്പിനെ നിലവിലുള്ള സംവരണ വാർഡുകളും അദ്ധ്യക്ഷ സ്ഥാനങ്ങളും മാറ്റി നിശ്ചയിക്കേണ്ടതുള്ളൂ. 1999-ലെ നിയമഭേദഗതി പ്രകാരം ഇതിനുള്ള നടപടി സ്വീകരിക്കേണ്ടത് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷൻ ആണ്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (1720) വ്യവസായ വികസനം

ശ്രീ പി മാധവൻ :
ശ്രീ ടി കെ. നൗഷാദ് :
ശ്രീ സെബാസ്റ്റ്യൻ പോൾ :
ശ്രീ പിറ്റുർകോട് മുരളി :
ശ്രീ കടമ്പനാട് രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വികസനം ത്വരിതപ്പെടുത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, സാങ്കേതിക വിദ്യ, ഉപദേശം, പരി

LIBRARY ARCHIVES Kerala Legislative Assembly

ശീലനം, സാമ്പത്തികസഹായം എന്നിവ നൽകുന്നതിന് ഏതെല്ലാം സ്ഥാപനങ്ങളും ഏജൻസികളുമാണ് രൂപീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ.

(ബി) ഇവയുടെ ഓരോന്നിന്റെയും ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെ ആണെന്നു വ്യക്തമാക്കുമോ.

(സി) കെ.എസ്.ഐ.ഡി.സി വ്യവസായം തുടങ്ങുന്നതിന് 1998-99, 1999-2000-കാലഘട്ടത്തിൽ എത്ര ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ പുതുതായി എത്ര പേർക്ക് തൊഴിൽ ലഭിക്കുമെന്ന് പറയുമോ.

(ഇ) കോർപ്പറേഷന്റെ സാമ്പത്തിക പ്രയാസമുണ്ടായതിനെ തുടർന്ന് സംയുക്ത മേഖലയിൽ എത്ര പ്രോജക്ടുകൾ പൂർത്തീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ)&(ബി)

ഉദ്ദേശ്യലക്ഷ്യങ്ങൾ

(1) വ്യവസായ വാണിജ്യ വകുപ്പ് വ്യവസായ അടിസ്ഥാന സൗകര്യങ്ങൾ, സാങ്കേതിക വിദ്യ, ഉപദേശം, സാമ്പത്തിക സഹായം, പരിശീലനം എന്നിവ നൽകുക.

(2) കേരള സ്മോൾ വ്യവസായ വികസന കോർപ്പറേഷൻ :
അടിസ്ഥാനസൗകര്യം, വിപണനം

(3) കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ കോർപ്പറേഷൻ :
അടിസ്ഥാന സൗകര്യം, വ്യവസായ സംരംഭകർക്ക് ലഭ്യമാക്കുക.

(4) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ
സാമ്പത്തിക സഹായം, സാങ്കേതിക വിദ്യ ഇവ നൽകുക.

(5) കേരള ഖാദി വ്യവസായ ബോർഡ്
സാമ്പത്തിക സഹായം, സാങ്കേതികവിദ്യ, പരിശീലനം, വിപണനം.

(6) കയർഫെഡ് - വിപണനം, പരിശീലനം, സാമ്പത്തിക സഹായം എന്നിവ നൽകുക.

(7) കെ.എച്ച്.സി. - സാമ്പത്തിക സഹായം നൽകുക.

(8) ഹാൻഡ്ലൂം ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് - പരിശീലനം നൽകുക.

(9) ടെക്നോ പാർക്ക് - ഇലക്ട്രോണിക് സോഫ്റ്റ്വെയർ വ്യവസായങ്ങൾ തുടങ്ങുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക.

(10) സ്റ്റെഡ് സാങ്കേതിക വിദ്യ, ഉപദേശം,

(11) കിറ്റ്കോ പരിശീലനം ഇവ നൽകുക.

(12) സി.എം.ഡി. ..

(13) സി-ഡാക് ..

143/2010.

LIBRARY ARCHIVES Kerala Legislative Assembly

(14) പി.എസ്.ആർ.ഐ.എ.സി. ,,

(15) കെറക്സിൽ ,,

(16) കീഡ് ,,

(17) ഐ.എം.ജി. ,,

(18) കെ.ബിപ് ,,

(19) കിൻഫ്ര.ഐ.കിൻ. ,,

(സി) 1998-99-ൽ 73 ധാരണാപത്രങ്ങൾ ഒപ്പുവയ്ക്കുകയുണ്ടായി. 1999-2000-ാമാണ്ടിൽ പുതിയ ധാരണാപത്രങ്ങൾ ഒപ്പുവയ്ക്കാനിരിക്കുന്നതേയുള്ളൂ.

(ഡി) മേൽപ്പറഞ്ഞ പദ്ധതികളുടെ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറായി വരുന്നതേയുള്ളൂ. ആയതിനാൽ അവ പൂർത്തിയാകുമ്പോൾ എത്ര പേർക്ക് ജോലി ലഭിക്കുമെന്ന് ഇപ്പോൾ പറയാനാവില്ല. എന്നാൽ 1998-99-ൽ പൂർത്തിയാക്കിയതും 649 കോടി രൂപ മുതൽമുടക്കുള്ളതുമായ 52 പദ്ധതികളിൽ 4500 പേർക്ക് ജോലി ലഭിക്കും.

(ഇ) കെ.എസ്.ഐ.ഡി.സി. ആകെ 39 പദ്ധതികളാണ് സംയുക്ത മേഖലയിൽ സ്ഥാപിച്ചിരുന്നത്. അവയിൽ ഇപ്പോൾ പ്രവർത്തനത്തിലുള്ളത് 16 വ്യവസായ സ്ഥാപനങ്ങളാണ്.

2 (1721) വ്യവസായസ്ഥാപനങ്ങളുടെ നവീകരണം

ശ്രീ. പി.എസ്. സുപാൽ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. സി.എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ നവീകരണ പദ്ധതികൾ ബി.ഐ.എഫ്.ആർ-ന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ അവ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഏതെല്ലാം വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പദ്ധതികൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി)വിവരം ശേഖരിച്ചുവരുന്നു.

(സി) താഴെപ്പറയുന്ന വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പദ്ധതികൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്.

(1) കെ.എസ്.ഇ..ഡി.സി. (കെൽട്രോൺ)

(2) കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ്

(3) സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡ്

LIBRARY ARCHIVES Kerala Legislative Assembly